# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 10 ശനി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## ജില്ലാതല ദുരന്തനിവാരണ സമിതി യോഗം

## മലയോര പ്രദേശത്ത് വലിയ ജാഗ്രത വേണം: മന്ത്രി എ.സി. മൊയ്തീൻ

ഉരുൾപൊട്ടലുണ്ടാവാൻ സാധ്യതയുള്ളതായി നേരത്തെ കണ്ടെത്തിയ മലയോര പ്രദേശങ്ങളിൽ വേണ്ട മുൻകരുതലുകൾ എടുക്കണമെന്നും ജാഗ്രത പുലർത്തണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. കളക്ടറേറ്റ് ഹാളിൽ ചേർന്ന ജില്ലാതല ദുരന്തനിവാരണ സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു ജില്ലയുടെ ചുമതലയുള്ള മന്ത്രി. കഴിഞ്ഞ തവണ കുറാഞ്ചേരിയിലും ദേശമംഗലത്തും ഉണ്ടായ അനുഭവ പശ്ചാത്തലത്തിൽ ഇക്കാര്യം ഗൗരവത്തോടെ കാണണം. ഉരുൾപൊട്ടൽ സാധ്യതയുള്ള പ്രദേശങ്ങളിൽ കൃത്യമായ പരിശോധന വേണം. വീടുകളിൽ ജാഗ്രത വേണമെന്നും വെള്ളക്കെട്ടുകളിൽ കുട്ടികളെ കളിക്കാൻ വിടരുതെന്നും മന്ത്രി പറഞ്ഞു. ദുരിതാശ്വാസ ക്യാമ്പുകളുടെ പരിസരത്ത് മാലിന്യത്തിൻെറ അളവ് കുറക്കാൻ ശ്രദ്ധിക്കണം. ഡിസ്പോസിബ്ൾ ഗ്ലാസുകളും പാത്രങ്ങളും പരമാവധി ഒഴിവാക്കണം. ടോയ്‌ലറ്റുകൾ മതിയാംവിധം ഉണ്ടോ എന്ന് പരിശോധിക്കണം. ബയോ ടോയ്‌ലെറ്റുകൾ ആവശ്യമുള്ളിടത്ത് അവ സ്ഥാപിക്കണം.

ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ കേന്ദ്രത്തിലും ജില്ലാ കേന്ദ്രം ചുമതലപ്പെടുത്തുന്ന കേന്ദ്രങ്ങളിലും മാത്രമേ സംഭരണ കേന്ദ്രം തുറക്കാവൂ എന്ന് മന്ത്രി നിർദേശം നൽകി. ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സാധന സാമഗ്രി ശേഖരണം സർക്കാർ അധീനതയിലാവണം. സന്നദ്ധ സംഘടനകൾ ശേഖരിച്ചതും സർക്കാർ അറിഞ്ഞിട്ട് കൊടുത്താൽ മതി. ഓരോരുത്തർക്കും വേണ്ടാത്ത സാധനങ്ങൾ തള്ളാനുള്ള കേന്ദ്രങ്ങളായി ദുരിതാശ്വാസ ക്യാമ്പുകൾ മാററുത്. ഒരാളുടെയും അടയാളങ്ങൾ അകത്തുവേണ്ട. ക്യാമ്പ് നടക്കുന്ന സ്ഥലത്ത് എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളും ജനപ്രതിനിധികളും തമ്മിൽ പൊതുധാരണ ഉണ്ടാക്കിയാൽ മതി. എല്ലാ സ്ഥലത്തും സംഭരണ കേന്ദ്രം തുറക്കാൻ കഴിയില്ല. ആരാണ് നൽകുന്നത്, ആവശ്യക്കാർക്ക് കൊടുക്കാൻ കഴിയുന്നതാണോ എന്നുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടി വരും. സർക്കാറിൻെറ നിയന്ത്രണത്തിൽ മാത്രമേ സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കാവൂ. സന്നദ്ധ പ്രവർത്തകരുടെ പിന്നാലെ സർക്കാർ പോവുന്നത് ഗുണം ചെയ്യില്ല. കിട്ടുന്ന സാധനങ്ങളുടെ ശേഖരണവും വിതരണവും പ്രധാനമാണ്. സന്നദ്ധ സംഘടനാ പ്രവർത്തകരുടെ പട്ടിക തയാറാക്കണമെന്നും ലഭിക്കുന്നതും വിതരണം ചെയ്യുന്നതുമായ സാധനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കണമെന്നും മന്ത്രി നിർദേശിച്ചു.

രക്ഷാപ്രവർത്തനത്തിന് സന്നദ്ധരായ മത്സ്യത്തൊഴിലാളികളെ കൺട്രോൾ റൂമിൻെറ നിർദേശ പ്രകാരം ആവശ്യമായ സ്ഥലങ്ങളിൽ വിന്യസിക്കണം. വെള്ളക്കെട്ടുണ്ടാവുന്ന പ്രദേശങ്ങളിൽ അത് ഒഴിവാക്കാനുള്ള ജാഗ്രത ഇല്ലാതെ പോയത് ഇത്തവണയും കുറവായി വിലയിരുത്തുന്നു. ചില ഷട്ടറുകൾ തുറക്കാൻ കഴിയാത്ത സ്ഥിതിയുണ്ട്. വകുപ്പ് മന്ത്രിയുടെ കൃത്യമായ നിർദേശം ഉണ്ടായിട്ടും ചില സ്ഥലങ്ങളിൽ ജലസേചന വകുപ്പ് ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തേണ്ട സ്ഥിതിയുണ്ടായത് നിർഭാഗ്യകരമാണ്. അത് ഉത്തരവാദിത്ത രാഹിത്യമായി കണക്കാക്കേണ്ടി വരും. ഇനിയും വെള്ളം ഒഴിവാക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ തഹസിൽദാറുടെ നേതൃത്വത്തിൽ, വെള്ളം ഒഴിവാക്കാൻ എവിടെയാണ് പൊളിക്കേണ്ടതെന്നു വെച്ചാൽ അവിടെ പൊളിക്കണം. പട്ടണ പ്രദേശങ്ങളിൽ കാനകൾ വൃത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പൊതുമരാമത്ത് വകുപ്പ് നേതൃത്വം നൽകണം. പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റാൻ സോഷ്യൽ ഫോറസ്ട്രിയുടെ അംഗീകാരത്തിന് കാത്തുനിൽക്കേണ്ടതില്ല.

കോൾനിലങ്ങളിലെ പത്തായങ്ങൾ എടുത്തുമാറ്റാനുള്ള നടപടി സ്വീകരിക്കണമെന്ന് കൃഷി മന്ത്രി വി.എസ്. സുനിൽകുമാർ ആവശ്യപ്പെട്ടു. പനങ്കുളം ഭാഗത്തെ ബണ്ട് ദുർബലപ്പെടുന്നത് അടിയന്തിരമായ പരിഹരിക്കാൻ കൃഷി മന്ത്രി മൈനർ ഇറിഗേഷൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. പറപ്പൂക്കര പള്ളം ഭാഗത്തെ ബണ്ടിൻെറ ബലക്ഷയം അടിയന്തിരമായി നേരെയാക്കാൻ ഉദ്യോഗസ്ഥരെ മന്ത്രി ചുമതലപ്പെടുത്തി. ക്യാമ്പുകളിൽ തിളപ്പിച്ചാറിയ വെള്ളം മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ. സന്നദ്ധ പ്രവർത്തനത്തിന് പോവുന്നവർക്ക് ഉൾപ്പെടെ എലിപ്പനിക്കുള്ള പ്രതിരോധ മരുന്ന് നൽകണം.

ജില്ലയിൽ ആവശ്യത്തിനുള്ള മരുന്നുകളും പാമ്പിൻ വിഷ പ്രതിരോധ മരുന്നും ഉള്ളതായി ഡി.എം.ഒ (ആരോഗ്യം) അറിയിച്ചു. ക്യാമ്പുകളിലേക്കുള്ള ഭക്ഷ്യവസ്തുക്കൾ, ഇന്ധനം, എൽ.പി.ജി എന്നിവയുടെ കരുതൽ ശേഖരം ഉണ്ടെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. രക്ഷാപ്രവർത്തിന് ആവശ്യമായ ബോട്ടുകൾ അഴീക്കലിൽ സജ്ജമാണെന്ന് ഫിഷറീസ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചു. വിവിധ വകുപ്പുകൾ തങ്ങളുടെ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു.

യോഗത്തിൽ ഗവ. ചീഫ് വിപ്പ് കെ. രാജൻ, എം.എൽ.എമാരായ മുരളി പെരുനെല്ലി, ഇ.ടി. ടൈസൺ, അഡ്വ. വി.ആർ. സുനിൽകുമാർ, കോർപറേഷൻ മേയർ അജിത വിജയൻ, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, വിദ്യാഭ്യാസ മന്ത്രിയുടെ പ്രതിനിധി ടി.എ രാമകൃഷ്ണൻ, കൊടുങ്ങല്ലൂർ നഗരസഭ ചെയർമാൻ ജൈത്രൻ, ബി.ഡി. ദേവസ്സി എം.എൽ.എയുടെ പ്രതിനിധി മനോജ്, മറ്റു ജനപ്രതിനിധികൾ, ജില്ലാ കളക്ടർ എസ്. ഷാനവാസ്, ജില്ലാ പോലീസ് മേധാവി (റൂറൽ) വിജയകുമാരൻ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ സംബന്ധിച്ചു.

## ജില്ലയിൽ രണ്ട് മരണം;<br>18,684 പേർ ദുരിതാശ്വാസ ക്യാമ്പിൽ

ജില്ലയിൽ കനത്ത മഴയെ തുടർന്നുണ്ടായ വെള്ളക്കെട്ടിൽ രണ്ടു പേർ മുങ്ങിമരിച്ചു. വീടുകളിൽ വെള്ളം കയറി 18,684 പേർ ദുരിതാശ്വാസ ക്യാമ്പിലാണ്. ചാലക്കുടി താലൂക്കിൽ കൊന്നക്കുഴി കോലങ്കണ്ണി വീട്ടിൽ വിൽസൻെറ മകൻ പ്ലസ്ടു വിദ്യാർഥി കെ.വി. ജോജോ (17), മുകുന്ദപുരം താലൂക്കിൽ തൊട്ടിപ്പാൾ കാരുകുറ്റി വീട്ടിൽ ദേവദാസ് (70) എന്നിവരാണ് മുങ്ങിമരിച്ചത്. 149 ക്യാമ്പുകളിലായി 5291 കുടുംബങ്ങളാണ് ക്യാമ്പുകളിലുള്ളത്. ഇതിൽ 7817 പുരുഷൻമാരും 8340 സ്ത്രീകളും 2527 കുട്ടികളുമുണ്ട്.

താലൂക്കുകളിലെ ദുരിതാശ്വാസ ക്യാമ്പുകളുടെ വിവരം. ക്യാമ്പുകളുടെ എണ്ണം, കുടുംബങ്ങൾ, ആകെ അംഗങ്ങൾ, പുരുഷൻ, സ്ത്രീ, കുട്ടികൾ എന്ന ക്രമത്തിൽ: ചാലക്കുടി: 37-1874-7397-3219-3455-723. തൃശൂർ: 25-671-2201-932-940-329. കുന്നംകുളം: 4-47-154-56-51-47. കൊടുങ്ങല്ലൂർ: 32-1721-5620-2331-2488- 801. ചാവക്കാട്: 4-303-922-350-428-144. മുകുന്ദപുരം: 26-278-980-376-391-213. തലപ്പിള്ളി: 21-397-1410-553-587-270.

കനത്തമഴയിലും കാറ്റിലും പെട്ട് പൊയ്യ ഗ്രാമപഞ്ചായത്ത് ആറാം വാർഡിൽ പ്ലാവുങ്ങൽ കാർത്തികേയൻെറ മകൻ ഷൈജുവും കുടുംബവും താമസിച്ചിരുന്ന ഓട് വീട് തേക്ക്മരം വീണ് തകർന്നു. കഴിഞ്ഞ വെള്ളപ്പൊക്ക കാലത്ത് തെങ്ങ് വീണ് തകർന്ന വീട് അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കി താമസിച്ചുവരികയായിരുന്നു. കുടുംബത്തെ വാടക വീട്ടിലേക്ക് മാറ്റിത്താമസിപ്പിച്ചു.

പൊയ്യ കമ്പനിപ്പടി മാള റോഡിൽ ചേരുന്ന താഴ്വാരം റോഡ് കനത്ത മഴയിൽ ഇടിഞ്ഞ് തകർന്നു. റോഡിന്റെ കിഴക്കുഭാഗം 15 മീറ്ററോളം താഴ്ന്ന പ്രദേശമാണ്. ഇവിടേക്കാണ് റോഡ് ഇടിഞ്ഞത്. 12 കുടുംബങ്ങൾ റോഡിന് താഴെ താമസിക്കുന്നുണ്ട്. മണ്ണിടിച്ചിൽ ഭീഷണി ഉള്ള കുരിശിങ്കൽ പാപ്പച്ചന്റെ കുടുംബത്തോട് ക്യാമ്പിലേക്ക് മാറാൻ നിർദേശം നൽകി.

## ജില്ലയിൽ കൂടുതൽ ഡാമുകൾ<br>തുറക്കേണ്ട സാഹചര്യമില്ല

മഴയുടെ തോത് കുറഞ്ഞതോടെ ജില്ലയിൽ കൂടുതൽ ഡാമുകൾ അടിയന്തിരമായി തുറക്കേണ്ട സാഹചര്യമില്ലെന്ന് ജലസേചന വകുപ്പ് അധികൃതർ അറിയിച്ചു. തൃശൂർ ജില്ലയിലെ ഏഴ് ഡാമുകളിലെയും ജലനിരപ്പ് നിയന്ത്രണ വിധേയമാണ്. മേജർ ഇറിഗേഷൻ വകുപ്പിൻെറ കീഴിലെ ഡാമുകളിൽ ചിമ്മിനി ഡാമിൽ സംഭരണ ശേഷിയുടെ 49.88 ശതമാനം വെള്ളം മാത്രമാണ് ഇപ്പോഴുള്ള

ത്. പീച്ചി ഡാമിൽ സംഭരണ ശേഷിയുടെ 58.90 ശതമാനം വെള്ളം മാത്രമാണ് ശേഖരിച്ചിട്ടുള്ളത്. ഈ മൂന്ന് ഡാമുകൾ ഉടനെയൊന്നും തുറക്കേണ്ട സാഹചര്യമില്ല. മൈനർ ഇറിഗേഷൻ വകുപ്പിൻെറ കീഴിലുള്ള മൂന്ന് ചെറിയ ഡാമുകളിൽ രണ്ടെണ്ണം ഇതിനകം തുറന്നിരുന്നു. ഇവിടങ്ങളിലെ ജല നിരപ്പ് നിയന്ത്രണ വിധേയമാണ്. അസുരംകുണ്ട് ഡാമിൻെറ പരമാവധി സംഭരണ ശേഷി 10 മീറ്റർ വരെയാണെങ്കിലും 8.80 മീറ്ററായി ക്രമീകരിച്ച് അധികജലം തുറന്നുവിടുന്നുണ്ട്. പത്താഴക്കുണ്ട് ഡാമിൻെറ പരമാവധി ജലനിരപ്പ് 10.50 മീറ്ററാണ്. ഇവിടെ 10.05 മീറ്ററിലാണ് ഇപ്പോഴത്തെ ജലനിരപ്പ് ഇപ്പോഴത്തെ നിലയിൽ തുടർന്നാൽ ഡാം തുറക്കേണ്ടി വരില്ല. പൂമല ഡാമിൽനിന്ന് നാല് ഷട്ടറുകൾ തുറന്ന് വെള്ളം പുറത്തേക്ക് വിടുന്നുണ്ട്.

കെ.എസ്.ഇ.ബിയുടെ കീഴിലുള്ള പൊരിങ്ങൽക്കുത്ത് ഡാമിൻെറ ജലനിരപ്പ് 420.35 മീറ്ററാണ്. ഡാമിലെ ജലനിരപ്പ് 419.4 ആയി ക്രമീകരിക്കുന്നായി വെള്ളം തുറന്ന് ചാലക്കുടിപ്പുഴയിലേക്ക് ഒഴുക്കി വിടുന്നുണ്ട്. ഷോളയാർ ഡാമിൽ 46.57 ശതമാനം മാത്രമാണ് ജലം സംഭരിച്ചിട്ടുള്ളത്. തൂണക്കടവ് ഡാമിൽനിന്ന് അധികജലം പുറത്തേക്ക് വിടുന്നുണ്ട്. ഇനിയും മഴ കനക്കാതിരുന്നാൽ കൂടുതൽ ഡാമുകൾ തുറക്കേണ്ടി വരില്ലെന്നാണ് ജലസേചന വകുപ്പിൻെറ നിഗമനം.

## അവശ്യ വസ്തു സംഭരണം:
## ജില്ലയിൽ രണ്ട് കേന്ദ്രീകൃത ക്യാമ്പുകൾ

മഴക്കെടുതി മൂലം ദുരിതത്തിലായവരെ സഹായിക്കാൻ ജില്ലാ ഭരണകൂടത്തിൻെറ ആഭിമുഖ്യത്തിൽ അവശ്യ വസ്തുസംഭരണ കേന്ദ്രങ്ങൾ തുറക്കുന്നു. കളക്ടറേറ്റിലും വനിതാ ഇൻഡോർ സ്റ്റേഡിയത്തിലുമാണ് സംഭരണ കേന്ദ്രങ്ങൾ തുറക്കുക. അവശ്യ സാധനങ്ങൾ നൽകാൻ ആഗ്രഹിക്കുന്നവർ ഈ രണ്ട് കേന്ദ്രങ്ങളുമായി ബന്ധപ്പെടണമെന്ന് ജില്ലാ കളക്ടർ എസ്. ഷാനവാസ് അറിയിച്ചു. ക്യാമ്പുകളിലേക്ക് ആവശ്യമായ സാധനങ്ങൾ: ബെഡ് ഷീറ്റുകൾ, പുൽപ്പായകൾ, ദരി, സാരി, ലുങ്കി, മുണ്ട്, നൈറ്റി, അടിവസ്ത്രങ്ങൾ, തോർത്ത് മുണ്ട്, സാനിറ്ററി നാപ്കിൻ, മുതിർന്നവർക്കും കുട്ടികൾക്കുമുള്ള ഡയപർ, ടോർച്ച്, ബാറ്ററി, ചെരിപ്പുകൾ, കൊതുക് നശീകരണി, മെഴുകുതിരി, തീപ്പെട്ടി, കുളിസോപ്പ്, പുതിയ വസ്ത്രങ്ങൾ എന്നിവ.

## ക്വാറി പ്രവർത്തനം നിരോധിച്ചു

മഴ കനത്ത സാഹചര്യത്തിൽ ജില്ലയിൽ ഇനി അറിയിപ്പുണ്ടാവുന്നതുവരെ എല്ലാ തരത്തിലുള്ള ക്വാറി പ്രവർത്തനങ്ങളും നിരോധിച്ചതായി ദുരന്ത നിവാരണ സമിതി ചെയർമാനായ ജില്ലാ കളക്ടർ എസ്. ഷാനവാസ് അറിയിച്ചു.